**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2142** **03-03-2025 - ൽ മറുപടിയ്ക്ക്**

**മുണ്ടിനീര് വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2024 ജനുവരി മുതൽ നാളിതുവരെ സംസ്ഥാനത്ത് മുണ്ടിനീര് സ്ഥിരീകരിച്ചിട്ടുള്ള 15 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കാമോ; | (എ) | 2024 ജനുവരി മുതൽ നാളിതുവരെ സംസ്ഥാനത്ത് മുണ്ടിനീര് സ്ഥിരീകരിച്ചിട്ടുള്ള 15 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | കുട്ടികൾക്ക് മുണ്ടിനീര് ബാധിച്ചതിനാൽ സംസ്ഥാനത്ത് ഏതെല്ലാം വിദ്യാലയങ്ങളിൽ അവധി നൽകിയിട്ടുണ്ടെന്നും; അവധി എത്ര ദിവസമായിരുന്നുവെന്നും വിദ്യാലയം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | കുട്ടികൾക്ക് മുണ്ടിനീര് ബാധിച്ചതിനാൽ സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം അവധി നൽകിയിട്ടുള്ള വിദ്യാലയങ്ങളുടെ വിവരം **അനുബന്ധം 2** ആയി ചേർക്കുന്നു. |
| (സി) | മുണ്ടിനീരിനെ പ്രതിരോധിക്കുന്നതിനുള്ള എം.എം.ആർ വാക്സിൻ സംസ്ഥാന സർക്കാർ സൗജന്യമായി നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ; | (സി) | കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ ദേശീയ പ്രതിരോധ വാക്സിനേഷൻ പട്ടിക പ്രകാരമാണ് കുട്ടികൾക്കുള്ള ഇമ്മ്യൂണൈസേഷൻ നടപ്പിലാക്കുന്നത്. പ്രസ്തുത പട്ടിക പ്രകാരമുള്ള എല്ലാ വാക്സിനുകളും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സൗജന്യമായാണ് നൽകുന്നത്. ദേശീയ രോഗ പ്രതിരോധ വാക്സിനേഷൻ പട്ടികയിൽ 2017 വരെ മീസിൽസ് വാക്സിനേഷൻ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ റുബെല്ലാ കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തതിനാൽ സംസ്ഥാന സർക്കാർ ചുരുങ്ങിയ കാലയളവിൽ എം.എം.ആർ (മീസിൽസ്, റുബെല്ല, മംപ്സ്) വാക്സിൻ, രണ്ടാം ഡോസ് മീസിൽസ് വാക്സിന് പകരമായി 2017-ന് മുമ്പ് ഏതാനും വർഷങ്ങളിൽ നൽകിയിരുന്നു. 2017-ൽ ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടികയിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം രണ്ടു ഡോസ് എം.ആർ (മീസിൽസ്, റുബെല്ല) വാക്സിൻ ഉൾപ്പെടുത്തി. എന്നാൽ എം.എം.ആർ വാക്സിൻ ഉൾപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത വാക്സിൻ സംസ്ഥാന സർക്കാർ സൗജന്യമായി നൽകുന്നില്ലായെങ്കിൽ അത് സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) | കഴിഞ്ഞ ഏതാനും മാസങ്ങളായി സംസ്ഥാനത്ത് മംപ്സ് കേസുകൾ കൂടുതൽ റിപ്പോർട്ട് ചെയ്തതിനാൽ എം.എം.ആർ (മീസിൽസ്, റൂബെല്ല, മംപ്സ്) വാക്സിൻ, ദേശീയ രോഗ പ്രതിരോധ വാക്സിനേഷൻ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സംസ്ഥാന സർക്കാർ, കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്ത് പ്രസ്തുത വാക്സിൻ ഏത് വർഷം വരെ സൗജന്യമായി നൽകിയിരുന്നുവെന്ന് വ്യക്തമാക്കാമോ? | (ഇ) | റൂബെല്ല കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തതിനാൽ സംസ്ഥാന സർക്കാർ ചുരുങ്ങിയ കാലയളവിൽ എം.എം.ആർ (മീസിൽസ്, റൂബെല്ല, മംപ്സ്) വാക്സിൻ രണ്ടാം ഡോസ് മീസിൽസ് വാക്സിന് പകരമായി 2017 വരെ ഏതാനും വർഷങ്ങളിൽ നൽകിയിരുന്നു.<br><br>2017-ൽ ദേശീയ രോഗ പ്രതിരോധ വാക്സിനേഷൻ പട്ടികയിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം 2 ഡോസ് എം.ആർ (മീസിൽസ്, റൂബെല്ല) വാക്സിൻ, ഉൾപ്പെടുത്തിയിരുന്നു. എന്നാൽ എം.എം.ആർ വാക്സിൻ ഉൾപ്പെടുത്തിയിട്ടില്ല. ദേശീയ രോഗ പ്രതിരോധ വാക്സിനേഷൻ പട്ടിക പ്രകാരമുള്ള വാക്സിനുകളാണ് സംസ്ഥാനത്ത് സൗജന്യമായി നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| ക്രമ നമ്പർ | ജില്ല | 2024 ജനുവരി മുതൽ മുണ്ടിനീര് സ്ഥിരീകരിച്ചിട്ടുള്ള 15 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2729 |
| 2 | കൊല്ലം | 318 |
| 3 | പത്തനംതിട്ട | 112 |
| 4 | ആലപ്പുഴ | 215 |
| 5 | ഇടുക്കി | 132 |
| 6 | കോട്ടയം | 5 |
| 7 | എറണാകുളം | 284 |
| 8 | തൃശ്ശൂർ | 5547 |
| 9 | പാലക്കാട് | 11031 |
| 10 | മലപ്പുറം | 11324 |
| 11 | കോഴിക്കോട് | 13439 |
| 12 | വയനാട് | 5930 |
| 13 | കണ്ണൂർ | 16176 |
| 14 | കാസർഗോഡ് | 7058 |

സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

**കുട്ടികൾക്ക് മുണ്ടിനീര് ബാധിച്ചതിനാൽ അവധി നൽകിയിട്ടുള്ള വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | ജില്ല | വിദ്യാലയങ്ങളുടെ പേര്/ അവധി നൽകിയ ദിവസം |
|---|---|---|
| 1 | കൊല്ലം | തലവൂർ, അമ്പല നിരപ്പ് എൽ പി സ്കൂൾ ( പ്രീ പ്രൈമറി, ഒന്നാം ക്ലാസ് ) - 14 ദിവസം |
| 2 | പത്തനംതിട്ട | പന്തളം സെന്റ് തോമസ് സ്കൂൾ - 14 ദിവസം<br>വെച്ചൂച്ചിറ നവോദയ സ്കൂൾ - 14 ദിവസം |
| 3 | ആലപ്പുഴ | ജോർജിയൻ പബ്ലിക് സ്കൂൾ, എടത്വ, എം ടി എൽ പി എസ് ആന പ്രമ്പാൽ, തലവടി, ഗവൺമെന്റ് ജെബി സ്കൂൾ പുന്നപ്ര സൗത്ത്, അറവുകാട് എൽ പി എസ്, ബീച്ച് എൽ പി എസ് പുന്നപ്ര, സെന്റ് അലോഷ്യസ് സ്കൂൾ പുന്നപ്ര, എൻ എസ് എൽ പി എസ് എഴുപുന്ന, ഗവൺമെന്റ് സൗത്ത് എൽപിഎസ് പെരുമ്പളം എന്നീ സ്കൂളുകൾക്ക് 21 ദിവസം അവധി നൽകിയിട്ടുണ്ട്. |
| 4 | ഇടുക്കി | വിജയമാതാ പബ്ലിക് സ്കൂൾ, കെ പി കോളനി - 7 ദിവസം<br>ഹൈറേഞ്ച് സ്കൂൾ മാട്ടുപ്പെട്ടി - 11 ദിവസം<br>മഡോണ എൽ പി സ്കൂൾ, കരുണപുരം -7 ദിവസം<br>എസ് എൻ എൽ പി എസ്, കുട്ടാർ-7 ദിവസം<br>ഗവൺമെന്റ് എൽപിഎസ്, തേർഡ് ക്യാമ്പ് -7 ദിവസം<br>പൂമല ട്രൈബൽ ഹോസ്റ്റൽ -7 ദിവസം<br>ജി വി എച്ച്എസ്എസ്, മൂന്നാർ -7 ദിവസം<br>ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ മൂന്നാർ -7 ദിവസം<br>കാർമൽ ഗിരി സ്കൂൾ മൂന്നാർ -7 ദിവസം<br>സെന്റ് ഡൊമിനിസ് എൽ പി സ്കൂൾ 6th മൈൽ ആനക്കര -7 ദിവസം |
| 5 | മലപ്പുറം | STEP സ്കൂൾ , ഇറക്കൽ -15 ദിവസം<br>നസ്രത്ത് ഇംഗ്ലീഷ് മീഡിയം സ്കൂൾ മഞ്ചേരി-15 ദിവസം |
| 6 | വയനാട് | സെന്റ്മേരിസ് യുപിഎസ്, തരിയോട് -7 ദിവസം<br>ഡി പോൾ സ്കൂൾ, കൽപ്പറ്റ -13 ദിവസം<br>സെന്റ്മേരിസ് AUP സ്കൂൾ, ചീങ്കരി - 29 ദിവസം<br>ഓക്സ്ഫോർഡ് സ്കൂൾ, മുന്നൂർ- 4 ദിവസം |

സെക്ഷൻ ഓഫീസർ